മാതൃഭൂമി 2016 ആഗസ്റ്റ് 4

# ഇങ്ങനെ പോരാ

**ഡോ. ബി.എ. പ്രകാശ്**



തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള കഴിഞ്ഞ തിരഞ്ഞെടുപ്പിൽ ഏതാണ്ടെല്ലാ സ്ഥാനാർഥികളും ജനങ്ങളുടെ മുന്നിൽ അവതരിപ്പിച്ച മുദ്രാവാക്യം 'പ്രാദേശിക വികസനത്തിനുവേണ്ടി എന്നെ വിജയിപ്പിക്കുക' എന്നതായിരുന്നു. എന്നാൽ, തദ്ദേശസ്ഥാപനങ്ങളിലെ പദ്ധതിപ്രവർത്തനങ്ങൾ പരിശോധിച്ചാൽ തിരഞ്ഞെടുപ്പിൽ കാണിച്ച ആവേശത്തിന്റെ പത്തുശതമാനംപോലും പദ്ധതിനടത്തിപ്പിൽ കാണുന്നില്ലെന്നുകാണാം. അത്രയും പരിതാപകരമാണ് പദ്ധതിനടത്തിപ്പ്. കഴിഞ്ഞ രണ്ടു ദശാബ്ദം വികേന്ദ്രീകൃതാസൂത്രണം നടപ്പാക്കിയ അനുഭവപരിചയമുണ്ടെങ്കിലും ഭൂരിഭാഗം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും പദ്ധതി നടത്തിപ്പ് പൊതുവിൽ മോശമാണ്. ഇത് പരിശോധിക്കുകയും പദ്ധതിപ്രവർത്തനം മെച്ചമാക്കാൻ ചില നിർദേശങ്ങൾ അവതരിപ്പിക്കുകയുമാണ് ഈ ലേഖനത്തിൽ.

പദ്ധതിനടത്തിപ്പ് വളരെ മോശമാണെന്നാണ് സ്ഥിതിവിവരക്കണക്കുകൾ സൂചിപ്പിക്കുന്നത്. 2014-'15ൽ സംസ്ഥാനത്തെ എല്ലാ തദ്ദേശസ്ഥാപനങ്ങളുടെയും പദ്ധതിത്തുക 4700 കോടി രൂപയാണ്. ചെലവഴിച്ചത് 2085 കോടി രൂപ. അതായത് 44 ശതമാനം. ഗ്രാമ, ബ്ലോക്ക് ജില്ലാ പഞ്ചായത്തുകൾ യഥാക്രമം 46, 53, 42 ശതമാനം പദ്ധതിത്തുക ചെലവഴിച്ചു. മുനിസിപ്പാലിറ്റികൾ 40 ശതമാനവും കോർപ്പറേഷനുകൾ 31 ശതമാനവും ചെലവാക്കി. 2015-'16 സാമ്പത്തികവർഷം ജനവരി അവസാനംവരെ എല്ലാ തദ്ദേശസ്ഥാപനങ്ങളുടെയും പദ്ധതിച്ചെലവ് മൊത്തം തുകയുടെ 26 ശതമാനം മാത്രമാണ്.

സംസ്ഥാനത്തെ അഞ്ച് മുനിസിപ്പൽ കോർപ്പറേഷൻ, അഞ്ച് ജില്ലാപഞ്ചായത്തുകൾ, അഞ്ച് ജില്ലയിലെ തിരഞ്ഞെടുത്ത 15 ഗ്രാമപ്പഞ്ചായത്തുകൾ (ഒരു ജില്ലയിൽനിന്ന് മൂന്നെണ്ണംവീതം) എന്നിവയിലെ പദ്ധതി പ്രവർത്തനങ്ങളെക്കുറിച്ച് നടത്തിയ പഠനവും പദ്ധതി നടത്തിപ്പ് മോശമാണെന്ന നിഗമനത്തിലാണ് എത്തിച്ചേർന്നത്. അഞ്ച് കോർപ്പറേഷനുകളിലെ 2014-'15ലെ പദ്ധതിച്ചെലവ് താഴെപ്പറയുന്നു (ശതമാനത്തിൽ): തിരുവനന്തപുരം-46, കൊല്ലം-42, കൊച്ചി-68, തൃശ്ശൂർ-74, കോഴിക്കോട്-52. സാമ്പത്തികവർഷത്തെ പദ്ധതിത്തുകയിൽ 59 ശതമാനവും അവസാന മൂന്നുമാസങ്ങളിൽ ഇവർ ചെലവഴിച്ചു. പ്രോജക്ടുകളുടെ ബാഹുല്യമാണ് മറ്റൊന്ന്. 2014-'15ൽ തിരുവനന്തപുരം കോർപ്പറേഷനിൽ 1161, കൊല്ലം-428, കൊച്ചി-825, തൃശ്ശൂർ-468, കോഴിക്കോട്-678 എന്നിങ്ങനെയാണ് നടപ്പാക്കിയ പ്രോജക്ടുകളുടെ എണ്ണം. പ്രോജക്ടുകളുടെ ബാഹുല്യംകാരണം അവയുടെ രൂപവത്കരണം, അനുമതിവാങ്ങൽ, കോൺട്രാക്ട് കൊടുക്കൽ, നടത്തിപ്പ് എന്നിവയെല്ലാം മോശമാകുന്നു. നടത്തിയ മൊത്തം പ്രോജക്ടുകളിൽ 50 ശതമാനവും സാമ്പത്തികവർഷത്തിൽ പൂർത്തിയാക്കാൻ കഴിഞ്ഞില്ല.

പഠനം നടത്തിയ അഞ്ച് ജില്ലാപഞ്ചായത്തിന്റെ സ്ഥിതിയും വ്യത്യസ്തമല്ല. 2014-'15ലെ ജില്ലാപഞ്ചായത്തുകളുടെ പദ്ധതിച്ചെലവ് താഴെ പറയുന്നു(ശതമാനത്തിൽ): തിരുവനന്തപുരം-62, കൊല്ലം-68, എറണാകുളം-79, തൃശ്ശൂർ-61, കോഴിക്കോട്-74. ഈ അഞ്ച് ജില്ലാപഞ്ചായത്തിലെ മൊത്തം ചെലവിന്റെ 56 ശതമാനവും സാമ്പത്തികവർഷത്തിന്റെ അവസാന മൂന്നുമാസമാണ് ചെലവാക്കിയത്. ഇടത്തരം-വൻകിട പ്രോജക്ടുകൾ രൂപവത്കരിക്കുന്നതിനുപകരം എല്ലാ ജില്ലാപഞ്ചായത്തുകളും വളരെ ചെറിയ പ്രോജക്ടുകളാണ് രൂപവത്കരിച്ചത്. 2014-'15ൽ തിരുവനന്തപുരം-1019, കൊല്ലം-728, എറണാകുളം-1654 തൃശ്ശൂർ-637, കോഴിക്കോട്-361 എന്നിങ്ങനെയാണ് നടപ്പാക്കിയ പ്രോജക്ടുകൾ. ഈ അഞ്ചുജില്ലകളിലെ പകുതിയോളം പ്രോജക്ടും സാമ്പത്തികവർഷത്തിൽ പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ല. ഭൂരിഭാഗം പ്രോജക്ടും നടപ്പാക്കിയത് സാമ്പത്തികവർഷത്തിന്റെ അവസാനമാസങ്ങളിലാണ്.

പഠനംനടത്തിയ 15 ഗ്രാമപ്പഞ്ചായത്തിന്റെയും പദ്ധതിപ്രവർത്തനങ്ങൾ മെച്ചമല്ല. വാർഷികപദ്ധതിയും ആസ്തികളുടെ മെയിന്റനൻസിനുവേണ്ടി നടപ്പാക്കുന്ന പദ്ധതിപ്രവർത്തനങ്ങളുമാണ് പഠനവിധേയമാക്കിയത്. ഇതിൽ പകുതിയോളം പഞ്ചായത്തിൽ 70 മുതൽ 75 ശതമാനംവരെ പദ്ധതിത്തുക 2014-'15ൽ ചെലവാക്കി. മറ്റുപഞ്ചായത്തിൽ 55 മുതൽ 70 ശതമാനംവരെ പദ്ധതിത്തുക ചെലവാക്കി. ഈ ഗ്രാമപ്പഞ്ചായത്തുകളുടെയും വാർഷികപദ്ധതിച്ചെലവിൽ പകുതിയിലധികവും ചെലവഴിച്ചത് സാമ്പത്തികവർഷത്തിന്റെ അവസാന മൂന്നുമാസങ്ങളിലാണ്.

പ്രോജക്ടുകളുടെ എണ്ണം തുടർച്ചയായി വർധിക്കുന്ന അനാരോഗ്യകരമായ പ്രവണത ഇവിടെയുണ്ട്. ഈ 15 ഗ്രാമപ്പഞ്ചായത്തിൽ നടപ്പാക്കിയ ശരാശരി പ്രോജക്ടുകളുടെ എണ്ണം 2011-'12ൽ 99 ആയിരുന്നത് 2014-'15ൽ 175 ആയി വർധിച്ചു. തന്മൂലം, നടപ്പാക്കിയ പ്രോജക്ടുകളിൽ മൂന്നിലൊന്നും പ്രസ്തുത സാമ്പത്തികവർഷം പൂർത്തീകരിക്കാൻ കഴിഞ്ഞില്ല. അഞ്ചുഗ്രാമപ്പഞ്ചായത്തിൽ നടപ്പാക്കിയ പ്രോജക്ടുകളുടെ എണ്ണം വളരെ ഉയർന്നതാണ്. (225 മുതൽ 301 വരെ) നടപ്പാക്കിയ പ്രോജക്ടുകളിൽ 77 ശതമാനവും ഉപഭോക്തൃസമിതികൾവഴി നടപ്പാക്കിയതാണ്. ഇവയ്ക്ക് വേണ്ടത്ര ഗുണനിലവാരമില്ലെന്ന് തദ്ദേശസ്ഥാപനങ്ങളിലെ എൻജിനീയർമാർ അഭിപ്രായപ്പെടുന്നു.

> **ഭൂരിഭാഗം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും പദ്ധതി നടത്തിപ്പ് പൊതുവിൽ പരാജയമാണ്. പദ്ധതികളുടെ ബാഹുല്യവും ഗുണനിലവാരമില്ലായ്മയുമാണ് പ്രധാന കാരണം**

പ്രോജക്ടുകളുടെ രൂപവത്കരണം, അനുമതിവാങ്ങൽ, നടത്തിപ്പ്, ലക്ഷ്യംനേടൽ എന്നിവ മെച്ചമാക്കാൻ ചില നിർദേശങ്ങൾ ചുവടെ:

- വിവിധവിഭാഗം തദ്ദേശഭരണസ്ഥാപനങ്ങളുടെ പദ്ധതിരൂപവത്കരണത്തിന് യോജിക്കാത്തതും കാലഹരണപ്പെട്ടതുമായ പദ്ധതി ആസൂത്രണ മാർഗരേഖയാണ് ഇപ്പോഴുള്ളത്. ഇതിൽ മാറ്റംവരുത്തണം. ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾക്കും നഗര, തദ്ദേശ സ്ഥാപനങ്ങൾക്കും പ്രത്യേകം മാർഗരേഖ തയ്യാറാക്കണം.
- പദ്ധതി രൂപവത്കരണവുമായി ബന്ധപ്പെട്ട വർക്കിങ് ഗ്രൂപ്പുകളുടെ രൂപവത്കരണം, വിവിധ സ്ഥാപനങ്ങളും വിഭാഗക്കാരുമായി ചർച്ചകൾ, സ്റ്റേക്ക് ഹോൾഡർ കൂടിയാലോചന, ഗ്രാമ/വാർഡ് സഭാ യോഗങ്ങൾ, വികസനരേഖ തയ്യാറാക്കൽ, വികസനസെമിനാർ എന്നിവയ്ക്ക് അമിതപ്രാധാന്യവും പ്രോജക്ട് തയ്യാറാക്കുന്നതിന് കാര്യമായ പ്രാധാന്യം നൽകാത്ത സ്ഥിതിയുമുണ്ട്. ഈ പ്രക്രിയയിൽനിന്ന് പദ്ധതി രൂപവത്കരണത്തിന് കാര്യമായ പ്രയോജനമുണ്ടാകുന്നില്ല. മാത്രമല്ല, ഈ നടപടിക്രമം പൂർത്തീകരിക്കാൻ മൂന്നുമുതൽ ആറുമാസംവരെ വേണ്ടിവരുന്നു. ഈ നടപടിക്രമങ്ങൾ ലഘൂകരിക്കുകയും വർക്കിങ് ഗ്രൂപ്പുകളും ഗ്രാമസഭകളും ശാക്തീകരിക്കുകയും വേണം.
- നിലവിലെ പദ്ധതി ആസൂത്രണ മാർഗരേഖയിൽ തദ്ദേശസ്ഥാപനത്തിന്റെ പ്രോജക്ട് തയ്യാറാക്കാൻ ഒരാഴ്ചപോലും സമയം നൽകിയിട്ടില്ല. ദോശചുടുന്നതുപോലെ പ്രോജക്ട് ഉണ്ടാക്കിയെടുക്കാൻ കഴിയുമെന്നാണ് മാർഗരേഖ തയ്യാറാക്കിയവരുടെ കാഴ്ചപ്പാട്. സാങ്കേതികമായുള്ളതും ധനപരമായതും പ്രായോഗികമായി നടപ്പാക്കാൻ കഴിയുന്നതുമായ പ്രോജക്ടുകളുടെ രൂപവത്കരണമാണ് പദ്ധതി. പ്രോജക്ടുകളുടെ രൂപവത്കരണത്തിന് രണ്ടുമാസമെങ്കിലും നൽകണം. തദ്ദേശ സ്ഥാപനത്തിനുപുറമേയുള്ളവരുടെയും സേവനം ഇതിന് ഉപയോഗിക്കണം.
- പ്രോജക്ടുകളുടെ നടത്തിപ്പ് ഇപ്പോൾ നടക്കുന്നത് 'പീക്ക് സമയമായ' ജനവരി മുതൽ മാർച്ച് മാസങ്ങളിലാണ്. ഈ കാലത്താണ് പദ്ധതി രൂപവത്കരണപ്രവർത്തനങ്ങളും പ്രോജക്ട് രൂപവത്കരണവും നടക്കുന്നത്. ഇതിൽ മാറ്റമുണ്ടാകണം.
- പ്രോജക്ടുകളുടെ ബാഹുല്യംമൂലം രൂപവത്കരണം, അനുമതി വാങ്ങൽ, നടത്തിപ്പ് എന്നിവ വൈകുന്നു. നല്ലൊരു ശതമാനം പ്രോജക്ടുകളും സാമ്പത്തികവർഷത്തിൽ പൂർത്തിയാക്കാൻ കഴിയുന്നില്ല. പ്രോജക്ടുകളുടെ എണ്ണം പകുതിയായി കുറയ്ക്കുക. ചെറിയ പല പ്രോജക്ടുകളായി നടത്തുന്ന പ്രവൃത്തികൾ സംയോജിപ്പിച്ച് ഒറ്റ പ്രോജക്ടാക്കുക.
- വാർഷികപദ്ധതി തദ്ദേശസ്ഥാപനത്തിലെ വാർഡനുസരിച്ച് വീതംവെക്കുന്ന പ്രവണത അവസാനിപ്പിക്കണം. ചെറിയ പ്രോജക്ടുകളായി നടത്തുന്ന പ്രവണതയും മാറ്റണം. ഇതിന് രാഷ്ട്രീയപ്പാർട്ടികൾ ഇടപെടണം.
- നിർമാണം, എൻജിനീയറിങ് സ്വഭാവമുള്ള പ്രോജക്ടുകൾ എന്നിവയെഴികെ മറ്റുപ്രോജക്ടുകൾ സാമ്പത്തിക വർഷത്തിന്റെ ആദ്യപകുതിയിൽ നടപ്പാക്കണം.
- ഉപഭോക്തൃകമ്മിറ്റിവഴി നടപ്പാക്കുന്ന പ്രോജക്ടുകളെപ്പറ്റി വ്യാപകമായ പരാതിയുണ്ട്. (ഗുണനിലവാരക്കുറവ്, മോശമായ നടത്തിപ്പ്, വീഴ്ചകൾക്ക് ഉത്തരവാദിത്വമേറ്റെടുക്കാൻ ആളില്ലാത്ത അവസ്ഥ തുടങ്ങിയവ). ഇത്തരം പ്രോജക്ടുകൾ കുറയ്ക്കുക. ഇവയുടെ നടത്തിപ്പ് ഗ്രാമസഭ പരിശോധിക്കാൻ സംവിധാനമുണ്ടാക്കുക. ● പ്രോജക്ടുകളുടെ ഡി.പി.സി. അംഗീകാരം, ഭരണ, ടെക്നിക്കൽ അനുമതികൾ വേഗത്തിലാക്കാൻ നടപടിക്രമങ്ങളിൽ മാറ്റംവരുത്തുക. ● വേണ്ടത്ര എൻജിനീയർമാരും മറ്റുദ്യോഗസ്ഥരുമില്ലാത്തതും പദ്ധതി ആസൂത്രണ-നിർവഹണ മാർഗരേഖകളിൽ തുടർച്ചയായി വരുന്ന മാറ്റങ്ങളും ട്രഷറി നിയന്ത്രണങ്ങളും പദ്ധതി നടത്തിപ്പ് മോശമാക്കാൻ ഇടയാക്കിയിട്ടുണ്ട്. ഈ പ്രശ്നങ്ങൾക്കും സംസ്ഥാന സർക്കാർ അടിയന്തരമായി പരിഹാരംകാണണം.

*(അഞ്ചാം സംസ്ഥാന ധനകാര്യ കമ്മിഷന്റെ അധ്യക്ഷനായിരുന്നു ലേഖകൻ)*